Clauses 11 *to* 22

The question that clauses 11 to 22 stand part of the Bill, was put and carried.

Clauses 11 to 22 were added to the Bill.

Clause 1, *Preamble and Title*

The question that clause 1, Preamble and Title stand part of the Bill, was put and carried.

Clause 1, Preamble and Title were added to the Bill.

Chief Minister (**Shri P. K. Vasudevan Nair**): Sir, I move that the Silent Valley Protected Area (Protection of Ecological Balance) Bill, 1979, be finally passed.

Minister for Works and Sports (**Shri K. Pankajakshan**): Sir, I second it.

The question that the Silent Valley Protected Area (Protection of Ecological Balance) Bill, 1979, be finally passed was put and carried.

The Silent Valley Protected Area (Protection of Ecological Balance) Bill, 1979 was unanimously passed.

(ii) 1979-ലെ കേരള അവശ്യ സാധനങ്ങൾ നിയന്ത്രണം (താൽക്കാലിക അധികാരങ്ങൾ) തുടരുന്നതിനുള്ള ബിൽ

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, 1979-ലെ കേരള അവശ്യ സാധനങ്ങളുടെ നിയന്ത്രണം (താൽക്കാലിക അധികാരങ്ങൾ) തുടരുന്നതിനുള്ള ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമ നിർമ്മാണം നടത്താനുള്ള സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെൻറും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

Mr. Deputy Speaker: The Bill stands introduced.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, 1979-ലെ കേരള അവശ്യ സാധനങ്ങൾ നിയന്ത്രണം (താൽക്കാലിക അധികാരങ്ങൾ) തുടരുന്നതിനുള്ള ബില്ല് പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഇത് മുമ്പ് അവതരിപ്പിച്ച ബില്ല് പോലെ വലിയ ചർച്ചയുടെ ആവശ്യമില്ലാത്ത ഒന്നാണ്. കാര്യമായ ഭേദഗതിയൊന്നും ഇതിലില്ല. ഒരു വാക്കിന്റെ ഭേദഗതി മാത്രമേയുള്ളു. ഇതിനു മുമ്പ് നിലവിലിരുന്ന നിയമത്തിൽ അതിന്റെ കാലാവധി തീർന്നിരിക്കുന്നതുകൊണ്ട് 3 കൊല്ലത്തേക്കു കൂടി കാലാവധി ദീർഘിപ്പിക്കണം. ''Seventeen Years'' എന്നുള്ളത് ''twenty years'' എന്നാക്കി മാറ്റണമെന്നുള്ള ഒരു ചെറിയ ഭേദഗതി ബില്ലാണ് ഇത്. ഇത് പാസാക്കി തരുന്നതിന് വലിയ ചർച്ചയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു വാക്കിന്റെ ഭേദഗതിയേ ഉള്ളു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷേ 25 അംഗങ്ങൾ ഭേദഗതിക്കു നോട്ടീസ് തന്നിട്ടുണ്ട്.

Shri N. I. Devassikutty: Sir, I move that the Kerala Essential Articles Control (Temporary Powers) Continuance Bill, 1979 be circulated for eliciting public opinion till 31st May 1979.

സർ, 1979-ലെ കേരള അവശ്യ സാധനങ്ങൾ നിയന്ത്രണം (താൽക്കാലികാധികാരങ്ങൾ) തുടരുന്നതിനുള്ള ബില്ലിൽ ചെറിയൊരു ഭേദഗതിയാണ് വരുത്തിയിരിക്കുന്നത് എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 1962-ലെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് 1965-ൽ കേന്ദ്രം അംഗീകരിച്ചിട്ടുള്ള ഒരു നിയമനിർമ്മാണമാണ്. 1962-ലെ നിയമത്തിന്റെ ഭേദഗതികളും 1976-ലെ ഭേദഗതികളുമൊക്കെ ആകുമ്പോൾ പതിനേഴു കൊല്ലം നിലനിൽക്കുമെന്നാണ്. 17 കൊല്ലമെന്നുള്ളത് ഇപ്പോൾ 20 കൊല്ലമായി. എന്നു വച്ചാൽ മൂന്നു വർഷം കൂടി അതിന്റെ കാലാവധി നീട്ടിയിരിക്കുന്നു. 3 കൊല്ലം കൂടി ഈ അധികാരം ഗവൺമെൻറിനു വേണമെന്നാവശ്യപ്പെടുന്നതിൽ വലിയ അപാകതയൊന്നും എനിക്ക് കാണാൻ കഴിയുന്നില്ല. എന്നാൽ ഈ പതിനേഴു കൊല്ലക്കാലം ഈ നിയമനിർമ്മാണം ഗവൺമെൻറ് ഉപയോഗിച്ച രീതിയെപ്പറ്റി പല അഭിപ്രായവ്യത്യാസങ്ങളും എനിക്കുണ്ട്. എങ്കിൽപ്പോലും ഈ നിയമം ഗവൺമെൻറിനു നൽകിയിട്ടുള്ള അധികാരങ്ങൾ പ്രത്യേകിച്ച് സെക്ഷൻ 3-ൽ powers to control production, supply, distribution, etc. of essential commodities ഉൽപ്പാദനം, വിതരണം, സ്റ്റോറിംഗ് തുടങ്ങിയ എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നതിനുള്ള ഗവൺമെൻറിന്റെ അധികാരം തീർച്ചയായും ആവശ്യമാണെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. പല പരീക്ഷണഘട്ടങ്ങളിലും പ്രത്യേകിച്ച്, ജനങ്ങളുടെ ജീവിത ഭാരം ഏറി വരുമ്പോൾ അതായത് അമിതമായ വിലക്കയറ്റവും പൂഴ്ത്തി വയ്പും കരിഞ്ചന്തയുമൊക്കെ ഉണ്ടാകുന്ന കാലഘട്ടങ്ങളിൽ—ഈ അധികാരങ്ങൾ എടുത്തുപയോഗിക്കാനും അതു വഴി ജനങ്ങൾക്കാശ്വാസമേകുവാനും കഴിയുമെന്ന് അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ അധികാരം മൂന്നു കൊല്ലംകൂടി തുടരുന്നതിനാവശ്യപ്പെട്ടുകൊണ്ടുള്ള ഈ ബില്ലിനോടു യോജിക്കുന്നതിൽ എനിക്ക് യാതൊരു വിഷമവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ചില കാര്യങ്ങളിൽ, ഈ നിയമം ഉപയോഗിക്കുന്ന കാര്യത്തിൽ തീർച്ചയായിട്ടും വളരെയധികം പാളിച്ചകളും വന്നു ഭവിച്ചിട്ടുണ്ട്. ഈ നിയമപ്രകാരമാണ് കശുവണ്ടിയുടെ വില നിർണ്ണയിക്കുന്നത്, പച്ച ത്തൊണ്ടിന്റെ വില നിയന്ത്രിക്കുന്നത്.

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): പച്ചത്തൊണ്ടിന്റെ വില നിർണ്ണയിക്കുന്നത് ഈ ബില്ലിന്റെ അടിസ്ഥാനത്തിലല്ല, എസൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിന്റെ അടിസ്ഥാനത്തിലാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: എസൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിന്റെ കീഴിൽത്തന്നെ അധികാരമുപയോഗിക്കുന്നതിനു വേണ്ടി യുള്ള ഒരു നിയമ നിർമ്മാണമാണിത്. എസൻഷ്യൽ കമ്മോഡിറ്റീസ് ആർട്ടിക്കിൾസ് കൺട്രോൾ ആക്റ്റിൽ നിർവ്വചിക്കുന്ന സാധനങ്ങൾ മാത്രമേ എസൻഷ്യൽ കമ്മോഡിറ്റീസായി കൈകാര്യം ചെയ്യാൻ പാടുള്ളൂ. എസൻഷ്യൽ കമ്മോഡിറ്റീസായി പ്രഖ്യാപിക്കുന്നതിനു കേന്ദ്ര ഗവൺമെന്റ് വരുത്തിയിട്ടുള്ള ലിമിറ്റേഷൻസിനെ തരണം ചെയ്യു ന്നതിന് കേന്ദ്ര ഗവൺമെന്റ് എസൻഷ്യൽ കമ്മോഡിറ്റീസായി പ്രഖ്യാ പിച്ചിട്ടുള്ളത് അരി മുതലായ സാധനങ്ങളാണ്; അങ്ങനെയല്ലാത്ത സാധനങ്ങൾ മറ്റു പല കാരണങ്ങളാലും അത്യാവശ്യ സാധനമാ ണെന്നു തോന്നുകയാണെങ്കിൽ അത് എസൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന്, ആക്റ്റിൽ പറയുന്ന റൈറ്റും പ്രിവിലേജും കിട്ടുന്നതിന് ഉള്ള ഒരു നിയമനിർമ്മാണമാണിത്. സർ, ഈ നിയമം ഉപയോഗിക്കുന്നതിൽ വളരെ പാകപ്പിഴകൾ വന്നിട്ടു ണ്ടെന്നുള്ള കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കണം, സാധാരണക്കാരായ ആളുകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കണം, കശുവണ്ടിത്തൊഴിലാളികളുടെ താൽപ്പ ര്യങ്ങൾ സംരക്ഷിക്കണം, കയർത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കണം. ഇതൊക്കെയാണെങ്കിൽ ഈ ഉൽപ്പന്നങ്ങൾ ഉൽപ്പാദി പ്പിക്കുന്ന കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കണമെന്നുള്ള ഒരു തോന്നൽ ഈ ഗവൺമെന്റിന് ഈ വക നിയമനിർമ്മാണങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകാറില്ലെന്നുള്ളതാ അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഈ ഗവൺമെന്റ് കശുവണ്ടിയുടെ വില പ്രഖ്യാപിച്ചപ്പോൾ ആ രംഗവുമായി ബന്ധപ്പെടുന്ന എല്ലാവരുമായും ആലോചിച്ചു. പക്ഷേ അതുൽപ്പാദിപ്പിക്കുന്ന കർഷകരുമായി ആലോ ചിക്കാൻ ഗവൺമെന്റ് തയ്യാറായില്ല. എന്തിന് ഇങ്ങിനെ വിവേചനാ പരമായി പ്രവർത്തിക്കുന്നു? തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷി ക്കുന്നതിന് കർഷകർ എതിരായിരിക്കുകയില്ല. കർഷകരുടെ താൽപ്പര്യം എന്താണെന്നു മനസ്സിലാക്കാനും അവർക്കു പറയാനുള്ളത് എന്താണെന്നു കേൾക്കാനുമുള്ള സന്നദ്ധതയില്ലാതെയാണ് ഗവൺമെന്റ് പ്രവർത്തി ക്കുന്നത്. എസൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിന്റെ അടിസ്ഥാന ത്തിലാണ് പച്ചത്തൊണ്ടിന്റെ വില നിശ്ചയിക്കുന്നതെന്നു പറഞ്ഞു. ഇത് അതിനു തത്തുല്യമായ നിയമമാണ്. സർ, പച്ചത്തൊണ്ടിന്റെ വില നിശ്ചയിച്ചതുതന്നെ എന്തു മാനദണ്ഡമനുസരിച്ചാണ്? അക്കാര്യത്തിൽ അതിന്റെ ഉടമകളായ കർഷകരുടെ അഭിപ്രായം കണക്കിലെടുത്തിട്ടുണ്ടോ? തൊഴിലാളികൾക്കു തൊഴിൽ ലഭിക്കണം, അതിനു പകരി കിട്ടുന്നതിനുള്ള വ്യവസ്ഥയും ഉണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അക്കൂട്ടത്തിൽ കർഷകർക്ക് ന്യായമായ വില ലഭിക്കുന്നുണ്ടോ എന്നുള്ളതുകൂടി പരിശോധിക്കേണ്ടതല്ലേ? ഇന്നെന്താണു സ്ഥിതി? തൊണ്ടു മൂടുന്നതിനാവശ്യമായ തൊണ്ടു കിട്ടുന്നുണ്ടോ? ലൈസൻസുണ്ടായിട്ടുപോലും ആവശ്യമായ തൊണ്ടു ലഭിക്കുന്നില്ല. എന്താണു കാരണം? വില നിർണ്ണയിക്കുമ്പോഴും നിങ്ങളും നിങ്ങളുടേതായ വീക്ഷണകോണിൽകൂടി ഏകപക്ഷീയമായി തീരുമാനമെടുക്കുന്നു. അതാണു കാരണം. നിങ്ങളും കർഷകരുമായി സഹകരിക്കണം. എങ്കിൽ മാത്രമേ ഇതു വിജയിക്കൂ എന്നുള്ള അടിസ്ഥാനപരമായ വസ്തുത പച്ചത്തൊണ്ടിന്റേയും നാടൻ തോട്ടണ്ടിയുടേയും സംഭരണം പൊളിഞ്ഞു പാളീസായതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. തോട്ടണ്ടി സംഭരണത്തിനുള്ള ഓർഡർ പുറപ്പെടുവിച്ചല്ലോ. എത്ര ടൺ തോട്ടണ്ടി സംഭരിച്ചു? മുപ്പതിനായിരം ക്വിന്റൽ നെല്ലു സംഭരിച്ചു എന്ന് ഭക്ഷ്യമന്ത്രി ഈ നിയമസഭയിൽ പറഞ്ഞു. വലിയൊരു സംഖ്യയാണു സർ. അതുപോലെ വ്യവസായ മന്ത്രി പറയണം എത്ര ടൺ തോട്ടണ്ടി സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന്. കർഷകരുടെ ഉത്തമ താൽപ്പര്യം കൂടി പരിഗണിക്കുന്നതിനുള്ള സൻമനസ്സു കാണിക്കാതിരുന്നാൽ ഇവയുടെ ഉൽപ്പാദകരായ കർഷകരുടെ സഹകരണം നിങ്ങൾക്കു ലഭിക്കുകയില്ല. അങ്ങിനെ ലഭിക്കാതിരുന്നാൽ ഈ ഉത്തരവുകളും മുഴുവൻ പരാജയപ്പെടും എന്ന് പച്ചത്തൊണ്ടിന്റേയും തോട്ടണ്ടിയുടേയും ഉത്തരവുകളും തെളിയിച്ചിട്ടുണ്ട്. സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയല്ല, ഇതാവശ്യമാണെന്നാണ് ഞാൻ കരുതുന്നത്. പക്ഷേ കർഷകരുടെ താൽപ്പര്യം കൂടി പരിഗണിക്കാത്ത പക്ഷം നിങ്ങളും പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും പരാജയപ്പെടുമെന്നാണെനിക്കു പറയാനുള്ളത്.

ശ്രീ. ഇ. പി. ഗോപാലൻ: സർ, I move that the Kerala Essential Articles Control (Temporary Powers) Continuance Bill, 1979 be referred to a Select Committee. ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. മൂന്നു കൊല്ലക്കാലവുംകൂടി ഈ ബില്ലിന്റെ ആയുസ് നീട്ടണമെന്നാവശ്യപ്പെടുമ്പോഴും അണ്ടിയുടേയും തൊണ്ടിന്റേയുമൊന്നും പിന്നാലേ പോകാൻ ഞാനുദ്ദേശിക്കുന്നില്ല. ഈ നിയമം പ്രായോഗികമായി നടപ്പാക്കുന്നതിൽ അപാകതകളും ഉണ്ടാകാറുണ്ട് എന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നുണ്ട്. അത്തരം കാര്യങ്ങളുംകൂടി പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: സർ, ഈ ബില്ലിന്റെ കാലാവധി 3 വർഷത്തേക്കു കൂടി നീട്ടുമ്പോഴും ഇതുവരെയുണ്ടായിട്ടുള്ള പ്രായോഗിക ബുദ്ധിമുട്ടുകളും എന്താണെന്ന് മനസ്സിലാക്കാൻ തയ്യാറാകേണ്ടതുണ്ട്. കാരണം ചില ആളുകളെ മനഃപൂർവ്വം ദ്രോഹിക്കാനും ചിലയാളുകളെ മനഃപൂർവ്വം സഹായിക്കാനും വേണ്ടിയുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന തോന്നലാണ് പൊതുവേ ഈ നിയമത്തിന്റെ നടത്തിപ്പുമൂലം ഉണ്ടായിട്ടുള്ളത്. അത് ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. നടത്തിപ്പിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കിയാൽ മാത്രമേ 3 വർഷം കാലാവധി നീട്ടിക്കൊടുത്തതു കൊണ്ടു പ്രയോജനമുണ്ടാകുകയുള്ളു എന്നു പറഞ്ഞു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: സർ, ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു. ഈ ബിൽ നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക വൈഷമ്യത്തെക്കുറിച്ചു ശാസ്ത്രീയമായ ഒരു പഠനം നടത്തി ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. അതോടൊപ്പം ശ്രീ. ദേവസ്സിക്കുട്ടിയുടെ അഭിപ്രായത്തോടു യോജിക്കുന്നു. ഈ വിധത്തിലുള്ള ഒരു നിയമം കൊണ്ടുവരുമ്പോൾ കർഷകരെക്കൂടി ഓർത്തു കൊണ്ടു നടപ്പിലാക്കണമെന്ന് അപേക്ഷിച്ചു കൊണ്ട് അവസാനിപ്പിക്കുന്നു.

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, പൊതുവേ ഈ ബില്ലിനോടു യോജിപ്പാണ് എല്ലാവരും പ്രകടിപ്പിച്ചത്. അതുകൊണ്ട് വലിയ മറുപടിയൊന്നും പറയാനില്ല. ശ്രീ. ദേവസ്സിക്കുട്ടി ഇവിടെ ഒന്നു രണ്ടു കാര്യങ്ങൾ പറഞ്ഞു. കശുവണ്ടിയുടെ വില നിശ്ചയിച്ചതും ഇതുമായി ബന്ധപ്പെടുത്തിയല്ലെങ്കിലും തൊണ്ടിന്റെ വില നിശ്ചയിച്ച കാര്യത്തിൽ കർഷകരുടെ അഭിപ്രായങ്ങൾ ആദരിക്കാൻ ശ്രമിക്കേണ്ടതായിരുന്നു, എന്ന് അദ്ദേഹം പറഞ്ഞു. എനിക്ക് അതിനോടു യാതൊരു വിയോജിപ്പുമില്ല. എല്ലാ താൽപ്പര്യങ്ങളും പരമാവധി പരിഗണിച്ചുകൊണ്ടാണ് വില നിശ്ചയിച്ചത്. കർഷകരുടെ താൽപ്പര്യങ്ങളുമെല്ലാം ആ ചർച്ചയിൽ വന്നിട്ടുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: വില നിശ്ചയിക്കുന്നതിന് വേണ്ടി ഒന്നു രണ്ടു തവണ തിരുവനന്തപുരത്തു ചർച്ചാ സമ്മേളനം വിളിച്ചപ്പോൾ തൊഴിലാളി പ്രതിനിധികളെയും മുതലാളി പ്രതിനിധികളേയും മാത്രം ക്ഷണിക്കുകയും കർഷക പ്രതിനിധികളെ ഒഴിവാക്കുകയും ചെയ്തിട്ട് കർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്നു എന്നു പറഞ്ഞാൽ എങ്ങിനെയാണ്?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഔപചാരികമായി കർഷക സംഘങ്ങളെ വിളിച്ചില്ലായെന്നു പറഞ്ഞാൽ അതു ഞാൻ അംഗീകരിക്കുന്നു. കശുമാവു കൃഷിക്കാർക്കു മാത്രമായി സംഘടനയുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. കർഷകരുടെ സംഘടനയെന്നുള്ള നിലയിൽ കർഷക സംഘത്തെ വിളിച്ചു അവരുടെ അഭിപ്രായങ്ങൾ പ്രത്യേകമായി ആരാഞ്ഞോയെന്നു ചോദിച്ചാൽ ഇല്ല. ഇനിയും വേണമെങ്കിൽ പരിഗണിക്കാം.

കശുവണ്ടിത്തൊഴിലാളികളുടെ രംഗത്തു പ്രവർത്തിക്കുന്നവരും കശുവണ്ടി വാങ്ങൽ, വിൽക്കൽ തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുകയും ചെയ്യുന്ന കർഷകരുടെ പ്രാതിനിധ്യമുള്ള സഹകരണസംഘങ്ങളുടെ പ്രതിനിധികളെ വിളിച്ചു ചർച്ച ചെയ്തിട്ടുണ്ട്. അങ്ങനെ ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഗവൺമെൻറ് ചർച്ച ചെയ്തിട്ടുണ്ട്.

കർഷക സംഘത്തിന്റെ തന്നെ പ്രതിനിധികളെ വിളിച്ചു ചർച്ച ചെയ്യാനാണെങ്കിലും തയ്യാറാണ്. അക്കാര്യത്തിൽ അഭിപ്രായവ്യത്യാസവുമില്ല. തൊണ്ടിന്റെ കാര്യമാണെങ്കിൽ കുറേക്കൂടി വ്യത്യസ്ഥമാണ്. നമ്മുടെ രാജ്യത്തുള്ള നാളികേരം കൈകാര്യം ചെയ്യുന്ന കർഷക സഹകരണ സംഘങ്ങളും, സർവ്വീസ് സഹകരണ സംഘങ്ങളും എന്നിവയുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധികളെ ജില്ലാതലത്തിൽ വിളിച്ചുകൂട്ടി ചർച്ച ചെയ്തിട്ടുണ്ട്. അങ്ങനെ വില നിർണ്ണയത്തിൽ ഗവൺമെൻറ് വളരെ ശാസ്ത്രീയമായ ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കൃഷിക്കാരുടെ രക്ഷയ്ക്കുവേണ്ടിയുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാണ് എൻെറ അഭിപ്രായം ഇത് ഗവൺമെൻറിൻെറ എല്ലാനയങ്ങളും പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഒരു ഉദാഹരണം പറയാം. കുരിമ്പിന് കേന്ദ്രഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ളത് ഒരു ടണ്ണിന് 85 രൂപയാണ്. അതേസമയം ഈ ഗവൺമെൻറ് കൊടുക്കുന്നത് 130 രൂപയാണ്. നാളികേരത്തിന്, റബറിന്, നെല്ലിന്, കപ്പയ്ക്ക്, എന്നു വേണ്ട നമ്മുടെ രാജ്യത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് തൃപ്തികരമായ ഒരു വില നിലനിൽക്കാൻവേണ്ടി പരമാവധി പാടുപെട്ടിട്ടുള്ള ഗവൺമെൻറല്ലേയിത്? ആർക്ക് നിഷേധിക്കാൻ സാധിക്കും? കുറവുകളുണ്ടെങ്കിൽ പരിഹരിക്കാം. ഏതു ചർച്ച നടത്താനും തയ്യാറാണ്. അതുകൊണ്ട് ആ കുറവുകളെ സംബന്ധിച്ച് ഒന്നും ദേവസ്സിക്കുട്ടി വിഷമിക്കേണ്ട കാര്യമില്ല. കുറവുകൾ പരിഹരിക്കാൻ തയ്യാറാണ്. ഒരു കാര്യം ഈ സഭയെ ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. കശുവണ്ടിയുടെ വില നിശ്ചയിക്കുന്നതിനെ മാത്രം ആശ്രയിച്ചല്ല അതിൻെറ ഉപയോഗം തീരുമാനിക്കുന്നത്. അതെല്ലാം അടുത്ത ബില്ലിൻെറ ചർച്ചാവേളയിൽ വരുമെന്നുള്ളതുകൊണ്ടു ഇപ്പോൾ അതിൻെറ വിശദാംശങ്ങളിലേക്ക്, ഞാൻ കടക്കുന്നില്ല. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വിലയെ സംബന്ധിച്ചാണെങ്കിൽ, ഇതുപോലുള്ള ഒരു നിയമംവഴി ആ രംഗത്തു ഇറങ്ങാതിരുന്നെങ്കിൽ എന്തായിരിക്കും ഇന്നത്തെ വില എന്നുള്ള കാര്യവും നാമെല്ലാം പരിഗണിക്കേണ്ടതാണ്. സർ, ഈ ബില്ലിന് എല്ലാ ഭാഗത്തുനിന്നും സ്വാഗതമാണ് കിട്ടിയിട്ടുള്ളത്. അതുകൊണ്ട് ഇതിൽ കൂടുതലായിട്ടൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

The amendment moved by Shri N.I. Devassikutty was, by leave, withdrawn.

The amendment moved by Shri E.P. Gopalan was, by leave, withdrawn.

The question that the Kerala Essential Articles Control (Temporary Powers) Continuance Bill, 1979 be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 and 3

The question that clauses 2 to 3 stand part of the Bill was put and carried

Clauses 2 and 3 were added to the Bill.

Clause I, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

LIBRARY ARCHIVES KeralaLegislative Assembly

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ): സർ, ഈ ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Shri T. A. Majid : Sir, I second it.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: സർ, എസ്സൻഷ്യൽ കമോഡിറ്റീസ് ആക്റ്റിന്റെ പരിധിയിൽപ്പെട്ടതാണ് പച്ചത്തൊണ്ട്. അതുകൊണ്ട് അതിന്റെവില നിയന്ത്രിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സൊസൈറ്റികൾക്ക് നിശ്ചിത വിലയ്ക്ക് തൊണ്ടു കിട്ടാനുള്ള സൗകര്യം ഇന്നില്ല. അതുംകൂടി ഗവൺമെന്റ് പരിഗണിക്കണം. അതേ സമയം സ്വകാര്യ മുതലാളിമാർ തൊണ്ടിന്റെ വില വളരെകൂട്ടി കച്ചവടം ചെയ്യുന്ന ഏർപ്പാടും ഈ രാജ്യത്തുണ്ട്. അതിന്റെ ഫലമായി സൊസൈറ്റികൾക്ക് പ്രവർത്തിക്കുവാൻ സാധിക്കാത്ത പരിതഃസ്ഥിതിയാണുള്ളത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇതു പച്ചത്തൊണ്ടിന്റെ കാര്യമല്ല.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: അങ്ങനെയാണെങ്കിൽ എനിക്കൊന്നും പറയാനില്ല.

The question that the Kerala Essential Articles Control (Temporary Powers) Continuance bill, 1979, be finally passed, was put and carried.

The Kerala Essential Articles Control (Temporary Powers) Continuance Bill, 1979 was finally passed.

(iii) 1979-ലെ കേരള കശുവണ്ടി ഫാക്റ്ററികൾ (ഏറ്റെടുക്കൽ) ബിൽ

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, 1979-ലെ കേരള കശുവണ്ടി ഫാക്റ്ററികൾ (ഏറ്റെടുക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, 1979-ലെ കേരള കശുവണ്ടി ഫാക്റ്ററികൾ (ഏറ്റെടുക്കൽ) ബില്ല് പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly